# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1750   31/01/2018-ൽ മറുപടിക്ക്

## <u>അസി.എഞ്ചിനീയർ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **(ശ്രീ. കെ. രാജൻ)** | **ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ സാങ്കേതിക വിഭാഗം ജീവനക്കാരായ അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ കുറവ് മൂലം പലപ്പോഴും പദ്ധതി നടത്തിപ്പ് തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| (ബി) എങ്കിൽ അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ കുറവ് അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ 98 ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുകയും, നിയമന നടപടികൾ നടന്നുവരികയും ചെയ്യുന്നു. 2018 വർഷത്തിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന പ്രക്രിയ നടന്നുവരികയാണ്. രണ്ടാംതരം ഓവർസിയർ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു. മൂന്നാംതരം ഓവർസിയർമാരുടെ പി.എസ്.സി വഴി നികത്തേണ്ട 512 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവകളിലേക്ക് പി.എസ്.സി യിൽ നിന്ന് നിയമനശുപാർശ ലഭ്യമായതനുസരിച്ച് നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**